# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM(24)/3087/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 01/02/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM(24)/3087/22 തീയ്യതി: 01/02/2023

## മലപ്പുറം ജില്ലയിലെ ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-01-2022 മുതൽ 20-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-12-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 21-12-2022 | 29-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-12-2022 | 29-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ.നസ്സീർ .ടി.കെ ഓഡിറ്റ് ഓഫീസർ
2.ശ്രീ.ഷാജഹാൻ ഖുറൈശി അസി.ഓഡിറ്റ് ഓഫീസർ
3.ശ്രീ.അമീൻ ഫൈസൽ .ടി.ടി സീനിയർ ഗ്രേഡ് ഓഡിറ്റർ
4.ശ്രീമതി.ഷീബ.പി ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.നൗഷാദലി .സി.ടി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.അബ്ദു സലീം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 07-04-2021 |

| | | | |
|---|---|---|---|
| ശ്രീ.ഹരികുമാർ.എസ് | സെക്രട്ടറി | 08-04-2021 | 30-06-2021 |
| ശ്രീ.രാജേഷ് .കെ.ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-07-2021 | 12-07-2021 |
| ശ്രീ.യുസഫ് ന്യൂ കണ്ണമ്പത്ത് | സെക്രട്ടറി | 22-07-2021 | 31-03-2022 |
| ശ്രീമതി.സിന്ധുലേഖ ടി.ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-07-2021 | 21-07-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അബ്ദു സലീം.വി.പി | അസി.സെക്രട്ടറി | 01-04-2021 | 12-07-2021 |
| ശ്രീമതി.സിന്ധുലേഖ ടി.ജി | അസി.സെക്രട്ടറി | 13-07-2021 | 31-03-2022 |
| ശ്രീമതി.ജസീല മോൾ.പി | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.റജീന .കെ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഷീജ വാസു | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.സ്വപന | ഐ.സിഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ.ഷഹന.സി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.മുഹമ്മദാലി.കെ.എ | മെഡിക്കൽ ഓഫീസർ(FHC) | 01-04-2021 | 02-09-2021 |
| ഡോ.ഉമൈറത്ത് | മെഡിക്കൽ ഓഫീസർ(FHC) | 03-09-2021 | 14-01-2022 |
| ഡോ.സലീന പടിക്കൽ | മെഡിക്കൽ ഓഫീസർ(FHC) | 15-01-2022 | 31-03-2022 |
| ശ്രീ.രവീന്ദ്രൻ .യു | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ.സുബൈർ .എം | വി.ഇ.ഒ | 01-04-2021 | 13-08-2021 |
| ശ്രീമതി.ഫത്തിമത്ത് സുഹറ | വി.ഇ.ഒ | 14-08-2021 | 04-10-2021 |
| ശ്രീ.ജിതീഷ് കുമാർ .കെ | വി.ഇ.ഒ | 05-10-2021 | 11-10-2021 |
| ശ്രീ.ഷാജഹാൻ .എസ് | വി.ഇ.ഒ | 12-10-2021 | 31-03-2022 |
| ശ്രീമതി. ദിവ്യ. ജി.എൻ. | ഡി.ഇ.ഒ | 01-04-2021 | 31-03-2022 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപെൻഷൻ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ. | 1-11 |
| 12 | മാന്വൽ രസീതി -പണപ്പിരിവിലെ അപാകതകൾ | 1-12 |
| 13 | അനുപൂരക പോഷകാഹാര വിതരണം- ജി.എസ്.ടി TDS ഈടാക്കേണ്ടതാണ്. | 1-13 |
| 14 | പോഷകാഹാര വിതരണം -അമൃതം ന്യൂട്രിമിക്സ് വാങ്ങലുകളിലെ അപാകതകൾ | 1-14 |
| 15 | വെറ്ററിനറി ഡിസ്പെൻസറിയിലേക്കുള്ള ലാപ്പ് ടോപ്പ് ലഭ്യമാക്കിയിട്ടില്ല. | 1-15 |
| 16 | അങ്കണവാടികൾക്ക് കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കേണ്ടതാണ്. | 1-16 |
| 17 | പ്രൊഫഷണൽ ചാർജ്- ഇൻകം ടാക്സ് ഈടാക്കിയില്ല. | 1-17 |
| 18 | തുല്യത പഠിതാക്കൾക്കുള്ള കോഴ്സ് ഫീ അടവാക്കൽ- പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 1-18 |
| 19 | യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് നൽകൽ- പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 1-19 |
| 20 | തൊഴിലുറപ്പ് പദ്ധതി- മെറ്റീരിൽ പർച്ചേസിന് ജി.എസ്.ടി TDS ഈടാക്കിട്ടില്ല. | 1-20 |
| 21 | കാർഷിക മേഖലയിലെ പ്രൊജക്ടുകൾ- കൂലിചെലവ് നൽകലിൽ പരിമിതപ്പെടുത്തുന്നു. | 1-21 |
| 22 | ലൈസൻസ് ഫീസ്-ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് നടപ്പിൽ വരുത്താത്തത് സംബന്ധിച്ച് | 1-22 |
| 23 | മതിയായ പാർക്കിങ് സൗകര്യമില്ലാതെ കെട്ടിട നമ്പർ അനുവദിച്ചു | 1-23 |
| 24 | മൊബൈൽ ടവറിന്റെ വസ്തുനികുതി നിർണയിച്ചതിൽ അപാകത. | 1-24 |
| 25 | മരാമത്ത് -കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച് | 1-25 |
| 26 | എഫ്.എച്ച്.സി. വിപുലീകരണത്തിന് വിഹിതം കൈമാറൽ-വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-26 |
| 27 | കിഡ്നി രോഗികൾക്ക് ചികിൽസാ ധനസഹായം-വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-26-1 |
| 28 | എഫ്.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല | 1-27 |
| 29 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ -സ്റ്റോക്ക് വിവരം | 1-27-1 |

| | | |
|---|---|---|
| | ലഭ്യമാക്കണം | |
| 30 | പ്ലാസ്റ്റിക്ക് ബോട്ടിൽ കളക്ഷൻ ബൂത്ത്-ഷീറ്റ് വർക്കിന് അധിക നിരക്ക് നൽകി | 1-28 |
| 31 | മരാമത്ത് -ആദായ നികുതി കുറവായി ഈടാക്കി | 1-29 |
| 32 | ടെണ്ടർ ഫീ വരവ് ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല. | 1-30 |
| 33 | ടെൻണ്ടർ നടപടികൾ -സുതാര്യതയും മത്സര സ്വഭാവവും ഉറപ്പ് വരുത്തണം | 1-31 |
| 34 | മരാമത്ത് പ്രവൃത്തികൾ-അപാകതകൾ | 1-32 |
| 35 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ-ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല | 1-33 |
| 36 | നോൺ-പി.എം.സി. ആയി അക്രഡിറ്റേഷൻ ഇല്ലാത്ത സ്ഥാപനം മുഖേന പ്രവൃത്തികൾ നേരിട്ട് നിർവ്വഹണം നടത്തി | 1-34 |
| 37 | സ്ട്രീറ്റ് ലൈറ്റുകളുടെ പരിപാലന പദ്ധതി - അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. | 1-35 |
| 38 | ഫെസ്റ്റിവൽ അഡ്വാൻസ് - തുക തിരികെ അടവാക്കിയ വിവരം ലഭ്യമാക്കേണ്ടതാണ്- | 1-36 |
| 39 | ഗ്രാമപഞ്ചായത്തിന് വാഹനം വാങ്ങൽ-അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്- | 1-37 |
| 40 | ചെലവ് രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 24,00,888 രൂപ തടസ്സം ചെയ്യുന്നു. | 1-38 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് സംക്ഷിപ്തം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22ലെ ബജറ്റ് പാസാക്കിയ തിയ്യതി | ബജറ്റ് പുതുക്കിയ തിയ്യതി |
|---|---|
| 27.03.2021 ലെ തീരുമാനം നമ്പർ 1(1) | 18.02.2022ലെ തീരുമാനം നമ്പർ 1 |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.07.2022 | 20.08.2022 |

സമയബന്ധിതമായി പത്രിക സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 19189227.05 |
| വരവ് | 132360709 |
| ആകെ | 151549936.05 |
| ചെലവ് | 133835773 |
| നീക്കിയിരിപ്പ് | 17714163.05 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 18915534 | 18915534 | 18915534 | 0 |
| വികസന ഫണ്ട് (SCP) | 0 | 11954366 | 11954366 | 11712792 | 241574 |
| വികസന ഫണ്ട് (TSP) | 0 | 0 | 0 | 0 | 0 |
| സെൻട്രൽ ഫിനാൽസ് കമ്മീഷൻ ഗ്രാൻറ്- ബേസിക് | 0 | 4087000 | 4087000 | 2831973 | 1255027 |
| സെൻട്രൽ ഫിനാൽസ് കമ്മീഷൻ ഗ്രാൻറ്- ടൈഡ് | 0 | 10180553 | 10180553 | 7240398 | 2940155 |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 0 | 9503000 | 9503000 | 8617265 | 885735 |
| മെയിന്റനൻസ് ഫണ്ട് -റോഡിതരം | 0 | 8226867 | 8226867 | 6988875 | 1237992 |
| ബി ഫണ്ട് | 0 | 106802200 | 106802200 | 106802200 | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 264 | 307261173 | 220 | 88561949 | - | 44 | 83% |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0.50 | 410416 | 410416.50 | 0 | 410416.50 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 24793601 | 24793601 | 24793601 | |
| | 0.50 | 25204017 | 25204017.50 | 24793601 | 410416.50 |

## 1-7 ക്ഷേമപെൻഷൻ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 7519800 | 394 |
| വിധവാ പെൻഷൻ | 35494600 | 1808 |
| വാർദ്ധക്യകാല പെൻഷൻ | 49818200 | 2768 |
| വികലാംഗ പെൻഷൻ | 10946400 | 598 |
| വിവാഹ ധനസഹായം | 240000 | 8 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 2783200 | 152 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.12.2022 ന് 12.00 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6360/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ജി.ഒ. (എം.എസ്) 10/17 തസ്വഭവ തി. 9.1.17 പ്രകാരം പ്രോജക്ടുകൾ അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥർ ഹാജരാക്കിയ ഫയലിൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

2. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം പ്രതി വർഷം നടത്തിയിട്ടില്ല.
3. ഓഫീസിലെ എല്ലാ സെക്ഷനുകളും തൻപതിവേടുകൾ കൃത്യമായി എഴുതുന്നില്ല. സൂചിക വിതരണ രജിസ്റ്ററിൽ തിയ്യതി വച്ച് എല്ലാ സെക്ഷനുകളും ഒപ്പു വയ്ക്കുന്നുമില്ല. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ 12-2-2021 ലെ നം. റൂൾസ്-2/22/2020/ഉഭപവ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

4. GO(P) No.177/2006/FIN Dt 12.4.06 പ്രകാരം എല്ലാ നിർവഹണ ഉദ്യോഗസ്ഥരും പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ചില നിർവഹണ ഉദ്യോഗസ്ഥർ പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. (ഉദാ:- മെഡിക്കൽ ഓഫീസർ, അസി.സെക്രട്ടറി). എല്ലാ നിർവഹണ ഉദ്യോഗസ്ഥർക്കും പ്രൊജക്ട് രജിസ്റ്റർ നൽകി എന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
5. ഗവ: സർക്കുലർ നം 86/10/ഫിൻ 24.9.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്യുന്നില്ല.

6. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾ, വില കുറഞ്ഞ സ്റ്റോർ എന്നിവയ്ക്കും, ഓഫീസ് ഫർണിച്ചറിനും, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയ്ക്കും പ്രത്യേകം സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല. വാർഷിക സ്റ്റോക്ക് പരിശോധന കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങൾ പ്രകാരം നടത്തുന്നില്ല.
7. ഡയറി എക്സ്റ്റൻഷൻ ഓഫീസർ TR 7A ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.
8. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുന്നതിൽ പുരോഗതിയില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.11.2022 മുതൽ 29.11.2022 വരെ | 08/2022 മുതൽ 10/2022 വരെ | 30.11.2022 |
| എ.ജി. ഓഡിറ്റ് | 20.11.2019 മുതൽ 29.11.2019 വരെ | 2014-15 മുതൽ 2018-19 വരെ | 24.12.2019 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ.

2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.
2.ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. [2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി)].
3.താഴെപ്പറയുന്ന ഇനങ്ങളിൽ AFS, ACRഎന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | AFS പ്രകാരമുള്ള ചെലവ് | ACR പ്രകാരമുള്ള ചെലവ് |
|---|---|---|
| CFC Grant Tied | 6821809 | 7240398 |
| CFC Grant Untied | 2620950 | 2831973 |
| Development Fund-SCP | 10843866 | 11712792 |

4. B-4 Schedule ൽ ഉൾപ്പെട്ടിട്ടുള്ള സ്പെസിഫിക് പർപ്പസ് ഗ്രാന്റുകൾ തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള ഇനങ്ങളിൽ വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തി എ സി ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.
5. RP 40 (B)യിൽ രേഖപ്പെടുത്തിയിട്ടുള്ള അക്കൗണ്ടുകളിൽ ആനമങ്ങാട് സർവീസ് സഹകരണ ബാങ്ക്-തനത് ഫണ്ട്, കേരള ഗ്രാമീൺ ബാങ്ക്-CFC,NREGS,Maternity,കുടുംബശ്രീ, ഒഴികെയുള്ള അക്കൗണ്ടുകളുടെ പാസ്ബുക്ക് ലഭ്യമാക്കിയില്ല.
6. RP 40 (B)യിൽ രേഖപ്പെടുത്തിയിട്ടുള്ള അക്കൗണ്ടുകളിൽ ആനമങ്ങാട് സർവീസ് സഹകരണ ബാങ്ക്-തനത് ഫണ്ട്, കേരള ഗ്രാമീൺ ബാങ്ക്-PFMS, SBI-Life, Union Bank-epay ഒഴികെയുള്ള അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
7. പെർമിറ്റ് രജിസ്റ്ററിൽ സംഗ്രഹം എഴുതി സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം:40/21-22/28.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-12 മാന്വൽ രസീതി -പണപ്പിരിവിലെ അപാകതകൾ

പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ കൈപ്പറ്റിയ 14577 നമ്പർ രസീത് ബുക്ക് പരിശോധിച്ചപ്പോൾ ചുവടെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. രസീതി നമ്പർ 1 ഉപയോഗിച്ചിട്ടില്ല. എന്നാൽ ആയതിന്റെ പകർപ്പ് ഒറിജിനലിന്റെ കൂടെ സൂക്ഷിച്ചിട്ടില്ല. രസീതിയുടെ പകർപ്പ് മുഖേന പണം പിരിച്ചെടുത്തിട്ടുണ്ടോയെന്ന് വ്യക്തമല്ല.

2. രസീതി നമ്പർ 30 മുഖേന 2016 രൂപ പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പിന്നീട് ക്യാൻസൽ ചെയ്തതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ റദ്ദ് ചെയ്ത രസീതിയുടെ പകർപ്പ് അസ്സലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

3. രസീതി നമ്പർ 29ൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ-18/2021-22/27.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ രസീതികളുടെ പകർപ്പ് ഹാജരാക്കുകയോ രസീതി നമ്പർ 30 മുഖേന പിരിച്ചെടുത്ത തുക പഞ്ചായത്തിൽ അടവാക്കുകയോ ചെയ്യേണ്ടതാണ്.

## 1-13 അനുപൂരക പോഷകാഹാര വിതരണം- ജി.എസ്.ടി TDS ഈടാക്കേണ്ടതാണ്.

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28th ജി.എസ്.ടി കൗൺസിൽ എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെ ജി.എസ്.ടിയിന്മേൽ 2 ശതമാനം TDS ഈടാക്കേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ പ്രകാരമുള്ള വാങ്ങലുകളിന്മേൽ TDS ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് | ബിൽ നമ്പർ/ തിയ്യതി | തുക | സപ്ലൈ നടത്തിയ സ്ഥാപനം |
|---|---|---|---|---|
| 1 | അങ്കണവാടി പോഷകാഹാര പരിപാടി [19/22] | 01/10.06.21 | 649979 | സംഞ്ജീവനി കുടുംബശ്രീ യൂണിറ്റ്, താഴേക്കോട് |
| | | 05/04.10.21 | 539830 | |
| | | 07/09.08.21 | 240870 | |
| | | 08/05.10.21 | 69321 | |
| | | Total | 1500000 | |
| 2 | അങ്കണവാടി | 07/05.10.21 | 214267 | സംഞ്ജീവനി കുടുംബശ്രീ യൂണിറ്റ്, |

| | | | | |
|---|---|---|---|---|
| | പോഷകാഹാര പരിപാടി [13/22] | 12/17.11.21 | 96175 | താഴേക്കോട് |
| | | 14/17.02.22 | 861496 | |
| | | 21/24.03.22 | 213008 | |
| | | Total | 1384946 | |

വാങ്ങലുകൾ നടത്തുമ്പോൾ നൽകുന്ന ജി.എസ്.ടിയിന്മേൽ 2% TDS ഈടാക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ ഉറപ്പ് വരുത്തേണ്ടതാണ്.

[ഓഡിറ്റ് എൻക്വയറി 32/29.12.2022- മറുപടി ലഭ്യമാക്കിയിട്ടില്ല]

## 1-14 പോഷകാഹാര വിതരണം -അമൃതം ന്യൂട്രിമിക്സ് വാങ്ങലുകളിലെ അപാകതകൾ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണ പദ്ധതി യുടെ ഭാഗമായി പഞ്ചായത്തിലെ വിവിധ അംഗൻവാടികളിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സ്, സംഞ്ജീവനി കുടുംബശ്രീ യൂണിറ്റ്, താഴേക്കോട് എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. ന്യൂട്രിമിക്സ് വാങ്ങുന്നതിന് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് | ബിൽ നമ്പർ/ തിയ്യതി | തുക |
|---|---|---|---|
| 1 | അങ്കണവാടി പോഷകാഹാര പരിപാടി [19/22] | 01/10.06.21 | 649979 |
| | | 05/04.10.21 | 539830 |
| | | 07/09.08.21 | 240870 |
| | | 08/05.10.21 | 69321 |
| | | Total | 1500000 |
| 2 | അങ്കണവാടി പോഷകാഹാര പരിപാടി [13/22] | 07/05.10.21 | 214267 |
| | | 12/17.11.21 | 96175 |
| | | 14/17.02.22 | 861496 |
| | | 21/24.03.22 | 213008 |
| | | Total | 1384946 |

പ്രൊജക്ട് നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ ഉണ്ട്.

1. പഞ്ചായത്തിൽ ന്യൂട്രിമിക്സ് വിതരണം ചെയ്ത സംഞ്ജീവനി കുടുംബശ്രീ യൂണിറ്റ്, താഴേക്കോട് എന്ന സ്ഥാപനത്തെ പഞ്ചായത്തിലെ വിതരണത്തിനുള്ള ഏജൻസിയായി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല. കൂടാതെ മേൽ സ്ഥാപനവുമായി ന്യൂട്രിമിക്സ് വിതരണത്തിന് പഞ്ചായത്ത് കരാർ ചമച്ചിട്ടുമില്ല.

2) ഭക്ഷണ സാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല.

അങ്കണവാടിയിലേത് ഉൾപ്പെടെയുള്ള കുട്ടികൾക്കാണ് പോഷകാഹാരം വിതരണം ചെയ്യുന്നത്. എന്നാൽ ഇത്തരത്തിൽ വിതരണം ചെയ്ത ഭക്ഷണസാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ രേഖകൾ ഒന്നും തന്നെ പരിശോധനക്ക് ലഭ്യമായിട്ടില്ല.

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ ഐ.സി.ഡി.എസ് ബി3-312/10 തീയതി 18-12-10 കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂനിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ടുകളുടെ സാമ്പിളുകൾ പരിശോധന നടത്താനും നിർദ്ദേശിച്ചിരുന്നു. മേൽ നിർദ്ദേശപ്രകാരമുള്ള പരിശോധന നടത്തിയിട്ടില്ല.

ന്യൂട്രിമിക്സ് വിതരണം ചെയ്യുന്നതിനുള്ള സ്ഥാപനത്തെ നിശ്ചയിക്കുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ് എന്നത് വ്യക്തമാക്കേണ്ടതും ഇത്തരത്തിൽ നിശ്ചയിക്കപ്പെട്ട യൂനിറ്റുകൾക്ക് പഞ്ചായത്തുമായി കരാർ ചമക്കേണ്ടതും, സർക്കാർ നിർദ്ദേശപ്രകാരമുള്ള ഗുണനിലവാര പരിശോധനകൾ നടത്തി സുരക്ഷിതമാണ് എന്ന് ഉറപ്പുവരുത്തിയ ഉത്പന്നങ്ങൾ മാത്രമെ പഞ്ചായത്തിൽ വിതരണം ചെയ്യപ്പെടുന്നുള്ളൂ എന്നതും ഉറപ്പുവരുത്തേണ്ടതാണ്.

[ഓഡിറ്റ് എൻക്വയറി 33/29.12.2022- മറുപടി ലഭ്യമാക്കിയിട്ടില്ല]

## 1-15 വെറ്റിനറി ഡിസ്പെൻസറിയിലേക്കുള്ള ലാപ്പ് ടോപ്പ് ലഭ്യമാക്കിയിട്ടില്ല.

വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ വെറ്റിനറി ഡിസ്പെൻസറി അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ എന്ന പ്രൊജക്ട് പ്രകാരം വെറ്റിനറി ഡിസ്പെൻസറിയിലേക്ക് ലാപ്പ് ടോപ്പ് വാങ്ങുന്നതിന് Kerala State IT Mission-നിലേക്ക് 59038/- രൂപ മുൻകൂർ ആയി നൽകിയിട്ടുണ്ട് (Ac No. 799011400003959). എന്നാൽ ലാപ്പ് ടോപ്പ് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | വെറ്റിനറി ഡിസ്പെൻസറി അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ (109/22) |
| അടങ്കൽ/ ചെലവ് | 150000/ 143305 (MG NR) |
| വൗച്ചർ | 2035400536424/ 18.10.2021 143305/- |

| | |
|---|---|
| പ്രൊഫോർമ ഇൻവോയിസ് | TVM/ITBG/PI/RC/30164/2020-21/ 28.09.2021 |

ഇൻവോയിസ് പ്രകാരമുള്ള സ്പെസിഫിക്കേഷനോട് കൂടിയ ലാപ്പ് ടോപ്പ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

[ഓഡിറ്റ് എൻക്വയറി 35/29.12.2022- മറുപടി ലഭ്യമാക്കിയിട്ടില്ല]

## 1-16 അങ്കണവാടികൾക്ക് കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കേണ്ടതാണ്.

Status Report, ഐ.സി.ഡി.എസ് സൂപ്പർ വൈസർ ലഭ്യമാക്കിയ റിപ്പോർട്ട് എന്നിവ പ്രകാരം പഞ്ചായത്തിലെ അങ്കണവാടികളുടെ കെട്ടിടങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്തിൽ ആകെ 42 അങ്കണവാടികളാണ് ഉള്ളത്. ആയതിൽ

1). സ്വന്തമായി കെട്ടിടമോ, കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലമോ ഇല്ലാത്തവ.

| ക്ര.ന | സെന്റർ നമ്പർ | വാർഡ് നമ്പർ | അങ്കണവാടിയുടെ പേര് |
|---|---|---|---|
| 1 | 27 | 16 | ളുത ഹൈസ്കൂൾപടി അങ്കണവാടി |
| 2 | 40 | 4 | ഒടമല മൂച്ചിക്കുന്ന് അങ്കണവാടി |

2). സ്വന്തമായി കെട്ടിടം ഇല്ലാത്തവ.

| ക്ര.ന | സെന്റർ നമ്പർ | വാർഡ് നമ്പർ | അങ്കണവാടിയുടെ പേര് |
|---|---|---|---|
| 1 | 5 | 17 | കിഴക്കേ മണലായ അങ്കണവാടി |
| 2 | 23 | 9 | കുന്നക്കാട്ട്കുഴി അങ്കണവാടി |

3). വൈദ്യുതി കണക്ഷൻ ഇല്ലാത്ത അങ്കണവാടികൾ.

| ക്ര.ന | സെന്റർ നമ്പർ | വാർഡ് നമ്പർ | അങ്കണവാടിയുടെ പേര് |
|---|---|---|---|
| 1 | 24 | 8 | പാക്കത്ത് അങ്കണവാടി |
| 2 | 37 | 18 | എടത്തറ കുന്നക്കാട്ട്കുഴി അങ്കണവാടി |

ആകെയുള്ള 42 അങ്കണവാടികളിലും കുടിവെള്ള ലഭ്യതയും, ടോയിലറ്റുൾപ്പടെയുള്ള സാനിറ്ററി സൗകര്യങ്ങളും ഉണ്ടെന്ന് ഐ.സി.ഡി.എസ് സൂപ്പർ വൈസർ അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിലെ അങ്കണവാടികളുടെ കെട്ടിടങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച ഓഡിറ്റ് നിർദ്ദേശങ്ങൾ/ പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1.കേരള പഞ്ചായത്ത് രാജ് ആക്റ്റ്, സെക്ഷൻ 166- മൂന്നാം പട്ടിക പ്രകാരം അങ്കണവാടികൾ നടത്തലും പരിപാലിക്കലും പഞ്ചായത്തിന്റെ ചുമതലയാണ്. ആയതിനാൽ അങ്കണവാടികൾക്ക് സ്ഥലം വാങ്ങുന്നതിനും, കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ആവശ്യമായ പ്രൊജക്റ്റുകൾ ഏറ്റെടുക്കേണ്ടതാണ്.

2.സ്പോൺസർഷിപ്പിലൂടെയോ, വാങ്ങൽ നടത്തിയോ രണ്ട് അങ്കണവാടികൾക്ക് ആവശ്യമായ സ്ഥലം കണ്ടെത്തേണ്ടതാണ്.

3.സ്വന്തമായി കെട്ടിടമില്ലാത്ത നാല് അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ഏറ്റെടുക്കേണ്ടതാണ്. പദ്ധതി മർഗ്ഗരേഖ GO(Ms)No.72/2017/LSGD/Dated 29.03.2017, ഖണ്ഡിക 12.13.2(4) പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിനും, സ്ഥലം വാങ്ങുന്നതിനും ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും പ്രൊജക്റ്റ് തയ്യാറാക്കാവുന്നതാണ്. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുമായി ചർച്ച നടത്തി ആയതിന്റെ സാധ്യതകൾ പരിശോധിക്കേണ്ടതാണ്.

4.വൈദ്യുതി കണക്ഷൻ ഇല്ലാത്ത അങ്കണവാടികളുടെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചതായി അറിയിച്ചിട്ടുണ്ട്. കൂടാതെ കണക്ഷൻ ലഭിക്കുന്നതിന് ലൈൻ എക്സ്റ്റൻഷൻ ആവശ്യമാണെന്നും അറിയിച്ചിട്ടുണ്ട്. ലൈൻ എക്സ്റ്റൻഷൻ ഉൾപ്പടെ ആവശ്യമായ പ്രൊജക്റ്റുകൾ ഏറ്റെടുത്ത് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ വിഷയം ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റി, ഭരണ സമിതി എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

[ഓഡിറ്റ് എൻക്വയറി 31/29.12.2022- മറുപടി ലഭ്യമാക്കിയിട്ടില്ല]

## 1-17 പ്രൊഫഷണൽ ചാർജ്- ഇൻകം ടാക്സ് ഈടാക്കിയില്ല.

പഞ്ചായത്തിലെ ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും, ഹരിത സഹായ സ്ഥാപനമായ SOCIO ECONOMIC UNIT FOUNDATION, MALAPPURAM എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി 24.11.2021-ന് സ്ഥാപനവുമായി കരാർ ചമച്ചിട്ടുണ്ട്. ഹരിതം ആലിപ്പറമ്പ് (226/22) എന്ന പ്രൊജക്റ്റിൽ ഉൾപ്പെടുത്തി മേൽ സ്ഥാപനത്തിന് 2021 ഡിസംബർ മുതൽ 2022 മാർച്ച് കൂടിയ 4 മസങ്ങളിലെ പ്രൊഫഷണൽ ചാർജ് ഇനത്തിൽ 87104/- രൂപ നൽകിയിട്ടുണ്ട്. ഇൻകം ടാക്സ് ആക്റ്റ്, സെക്ഷൻ 194 J പ്രകാരം പ്രൊഫഷണൽ ചാർജിന്മേൽ 10% ഇൻകം ടാക്സ് കുറവ് വരുത്തിയാണ് അനുവദിക്കേണ്ടത്. എന്നാൽ SOCIO ECONOMIC UNIT FOUNDATION, MALAPPURAM എന്ന സ്ഥാപനം തുക നൽകിയപ്പോൾ ഇൻകം ടാക്സ് കുറവ് വരുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് | ഹരിതം ആലിപ്പറമ്പ് (226/22) |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ/ ചെലവ് | 699675/399842 |

| | |
|---|---|
| വൗച്ചർ | Rs.43552/- (Part) Vr No.92/20-21/22.02.22<br>Rs.43552/- (Part) Vr No.118/20-21/22.03.22 |

ഇൻകം ടാക്സ് ആക്റ്റ്, സെക്ഷൻ 194 J പ്രകാരം പ്രൊഫഷണൽ ചാർജിന്മേൽ 10% ഇൻകം ടാക്സ് കുറവ് വരുത്താതെ തുക അനുവദിച്ചത് ക്രമ പ്രകാരമല്ല. ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതും ഓഡിറ്റ് പരാമർശത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

[ഓഡിറ്റ് എൻക്വയറി 36/29.12.2022- മറുപടി ലഭ്യമാക്കിയിട്ടില്ല]

## 1-18 തുല്യത പഠിതാക്കൾക്കുള്ള കോഴ്സ് ഫീ അടവാക്കൽ- പ്രൊജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ തുല്യത പഠിതാക്കൾക്കുള്ള കോഴ്സ് ഫീ അടവാക്കൽ (28/22) എന്ന പ്രൊജക്റ്റ് പ്രകാരം 27 പത്താം ക്ലാസ് പഠിതാക്കളുടേയും 12 പ്ലസ് വൺ പഠിതാക്കളുടേയും കോഴ്സ് ഫീ അടവാക്കുന്നതിന് മൊത്തം 73650/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| അടങ്കൽ/ ചെലവ് | 80000/73650 |
| വൗച്ചർ നമ്പർ | Rs. 47250/- Vr No.7/2021-22/30.03.2022<br>Rs. 26400/- Vr No.8/2021-22/30.03.2022 |

പ്രൊജക്റ്റ് നിർവ്വഹണത്തിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. 39 ഗുണഭോക്താക്കളിൽ നിന്നായി ഗുണഭോക്ത വിഹിതം ഇനത്തിൽ 6300/- രൂപ കളക്റ്റ് ചെയ്തിട്ടുണ്ട്. എന്നാൽ തുക നൽകിയ ഗുണഭോക്താക്കൾക്ക് രസീതി നൽകിയിട്ടില്ല. രസീതി നൽകാതെ പഞ്ചായത്തിന് വേണ്ടി പണം കളക്റ്റ് ചെയ്തത് ക്രമ പ്രകാരമല്ല.

പഞ്ചായത്തിൽ നിന്നും രസീതി ബുക്ക് വാങ്ങി ആയത് പ്രകാരം പണം കളക്റ്റ് ചെയ്യുകയോ, ഗുണഭോക്താക്കൾ ഫ്രണ്ട് ഓഫീസിൽ തുക നേരിട്ട് അടവാക്കുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2.കോഴ്സ് ഫീ ഇനത്തിൽ പഞ്ചായത്ത് വിഹിതം മാത്രമാണ് കേരള സാക്ഷരത മിഷനിൽ അടവാക്കിയിട്ടുള്ളത്. 39 ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്ത വിഹിതം കളക്റ്റ് ചെയ്തിട്ടുണ്ടെങ്കിലും ആയത് (6300/-രൂപ) കേരള സാക്ഷരത മിഷനിൽ അടവാക്കിയിട്ടില്ല. ആയത് അടിയന്തിരമായി അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും കൈകൊണ്ട നടപടികളുടെ വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

[ഓഡിറ്റ് എൻക്വയറി 37/29.12.2022- മറുപടി ലഭ്യമാക്കിയിട്ടില്ല]

## 1-19 യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് നൽകൽ- പ്രൊജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് നൽകൽ (84/22) എന്ന പ്രൊജക്റ്റ് പ്രകാരം മൊത്തം 49780/- രൂപ ചെലവഴിച്ച് 11 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റുകൾ വിതരണം നടത്തിയിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| അടങ്കൽ/ ചെലവ് | 100000/49780 |
| വൗച്ചർ നമ്പർ | 9/2021-22/30.03.2022 |
| Invoice No | 17426/23.03.2022 |

പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറിയ ഗുണഭോക്ത ലിസ്റ്റ് പ്രകാരം ചുവടെ ചേർത്തിട്ടുള്ള 9 യുവജന ക്ലബ്ബുകൾക്കാണ് സ്പോർട്സ് കിറ്റ് നൽകേണ്ടിയിരുന്നത്.

| ക്ര.ന | വാർഡ് | ക്ലബ്ബിന്റെ പേര് |
|---|---|---|
| 1 | 8 | കലാ വേദി ആർട്സ് & സ്പോർട്സ് ക്ലബ്ബ് |
| 2 | 8 | ഡയമന്റ് ആർട്സ് & സ്പോർട്സ് ക്ലബ്ബ് |
| 3 | 13 | ടൗൺ ടീം പള്ളിക്കുന്ന് |
| 4 | 13 | ന്യൂ സ്റ്റാർ കുന്നനാത്ത് |
| 5 | 13 | എവർ ഫോർവേഡ് ചോരാണ്ടി |
| 6 | 20 | ന്യൂ ടൈറോസ് ആർട്സ് & സ്പോർട്സ് ക്ലബ്ബ് |
| 7 | 19 | ക്ലാസ് യൂത്ത് സെന്റർ മണലായ |
| 8 | 19 | മെറ്റാലിക്ക ആർട്സ് & സ്പോർട്സ് ക്ലബ്ബ് |
| 9 | 16 | സ്റ്റുഡന്റ് ക്ലബ്ബ് ഉത |

എന്നാൽ ചുവടെ ചേർത്തിട്ടുള്ള 11 ക്ലബ്ബുകൾക്കാണ് കിറ്റ് നൽകിട്ടുണ്ട്.

| ക്ര.ന | ക്ലബ്ബിന്റെ പേര് |
|---|---|
| 1 | കലാ വേദി ആർട്സ് & സ്പോർട്സ് ക്ലബ്ബ് |
| 2 | ഡയമന്റ് ആർട്സ് & സ്പോർട്സ് ക്ലബ്ബ് |

| | |
|---|---|
| 3 | ന്യൂ ടൈറോസ് ആർട്സ് & സ്പോർട്സ് ക്ലബ്ബ് |
| 4 | ക്ലാസ് യൂത്ത് സെന്റർ മണലായ |
| 5 | മെറ്റാലിക്ക ആർട്സ് & സ്പോർട്സ് ക്ലബ്ബ് |
| 6 | സ്റ്റഡന്റ് ക്ലബ്ബ് ഉത |
| 7 | ബ്ലൂ സ്റ്റാർ കൾച്ചറൽ സെന്റർ, ഒടമല |
| 8 | യംഗ് വാരിയേഴ്സ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്, വാഴേങ്കട |
| 9 | ഫ്യൂഗോ സോക്കർ അക്കാദമി |
| 10 | യുവധാര വായനശാല ആർട്സ് & സ്പോർട്സ് ക്ലബ്ബ്, ആനമങ്ങാട് |
| 11 | യംഗ് സ്റ്റാർ, ആർട്സ് & സ്പോർട്സ് ക്ലബ്ബ്, ചേരി |

ലിസ്റ്റിൽ ഉൾപ്പെടാത്ത ക്ലബ്ബുകൾക്ക് കിറ്റുകൾ വിതരണം ചെയ്തത് ക്രമ പ്രകാരമല്ല. ക്രമ പ്രകാരമല്ലാത്ത ചെലവ് സംബന്ധിച്ച് വിശദീകരണവും പഞ്ചായത്ത് ഭരണ സമിതിയുടെ അഭിപ്രായവും ലഭ്യമാക്കേണ്ടതുമാണ്.

[ഓഡിറ്റ് എൻക്വയറി 38/29.12.2022- മറുപടി ലഭ്യമാക്കിയിട്ടില്ല]

## 1-20 തൊഴിലുറപ്പ് പദ്ധതി- മെറ്റീരിൽ പർച്ചേസിന് ജി.എസ്.ടി TDS ഈടാക്കിട്ടില്ല.

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28th ജി.എസ്.ടി കൗൺസിൽ എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെ/സേവനങ്ങളുടെ വില 2.5 ലക്ഷത്തിൽ കൂടുതൽ ഉണ്ടെങ്കിൽ (ടാക്സ് കിഴിച്ചിട്ടുള്ള തുക), ജി.എസ്.ടിയിന്മേൽ 2 ശതമാനം TDS ഈടാക്കേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിലേക്ക് ആവശ്യമായ സിമന്റ്, എം സാന്റ്, മെറ്റൽ എന്നിവ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുകയും, ടെണ്ടർ കൊണ്ട ശ്രീ. അയ്യൂബ് എം.പി (PAN No EQKPP9920Q) എന്നയാളുമായി പഞ്ചായത്ത് ഭരണ സമിതിയുടെ 11.05.2020-ലെ 2 നമ്പർ തീരുമാന പ്രകാരം കരാർ ചമക്കുകയും (കരാർ നമ്പർ 30/2020/ 13.05.2020), കരാറുകാരൻ സാധനങ്ങൾ വിതരണം ചെയ്യുകയും, ബിൽ പ്രകാരമുള്ള തുക നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ മെറ്റീരിയൽ പർച്ചേസിന് ജി.എസ്.ടി TDS ഈടാക്കിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മെറ്റീരിൽ പർച്ചേസിന് നൽകിയ ആകെ തുക | TDS ഈടാക്കേണ്ട തുക (2%) |
|---|---|
| 3255016 | 65100 |

പദ്ധതികൾക്ക് ആവശ്യമുള്ള മെറ്റീരിയലുകൾ വിതരണം ചെയ്തിട്ടുള്ളത് ഒരു കരാർ പ്രകാരമായതിനാൽ ഓരോ ബില്ലുകളിലേയും തുക 2.5 ലക്ഷത്തിൽ കവിയുന്നില്ലെങ്കിലും ജി.എസ്.ടി TDS ഈടാക്കേണ്ടതാണ്.

കൂടാതെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 30.07.2019-ലെ 957/ EGS-C/16/REGS പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ പെയ്മെന്റ് നടത്തുന്ന സോഫ്റ്റ്‌വെയറിൽ (MIS സോഫ്റ്റ്‌വെയർ) TDS കുറവ് വരുത്തുന്നതിനുള്ള സൗകര്യം ഇല്ലാത്തതിനാൽ, പ്രസ്തുത സൗകര്യം സോഫ്റ്റ്‌വെയറിൽ ഏർപ്പെടുത്തുന്നത് വരെ TDS തുക വെണ്ടർ/ സപ്ലെയർ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ അടവാക്കി എന്ന് ഉറപ്പുവരുത്തി മാത്രമേ ബിൽ തുക അനുവദിക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ബിൽ തുകകൾ അനുവദിച്ചത് ക്രമപ്രകാരമല്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

[ഓഡിറ്റ് എൻക്വയറി 39/29.12.2022- മറുപടി ലഭ്യമാക്കിയിട്ടില്ല]

## 1-21 കാർഷിക മേഖലയിലെ പ്രൊജക്ടുകൾ- കൂലിചെലവ് നൽകലിൽ പരിമിതപ്പെടുത്തുന്നു.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 46.4 ലക്ഷം രൂപ അടങ്കലും, 44 ലക്ഷം രൂപ ചെലവും ചെയ്ത് 5 പ്രൊജക്ടുകൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. എല്ലാ പ്രൊജക്ടുകളിലും കൂലി ചെലവ് ഇനത്തിലെ സബ്സിഡി തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്. പ്രൊജക്ടുകളുടേയും ചെലവുകളുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.ന | പ്രൊജക്ട് | അടങ്കൽ/ ചെലവ് |
|---|---|---|
| 1 | പച്ചക്കറി വികസന പദ്ധതി (34/22) | 62320/62320 |
| 2 | നെൽ കൃഷി വികസന പദ്ധതി (33/22) | 100000/100000 |
| 3 | വാഴ കൃഷി വികസന പദ്ധതി (31/22) | 400000/167360 |
| 4 | പച്ചക്കറി വികസന പദ്ധതി (30/22) | 1000000/1000000 |
| 5 | നെൽ കൃഷി വികസന പദ്ധതി (29/22) | 3080000/3080000 |
| ആകെ | | 4642320/4409680 |

പദ്ധതി മർഗ്ഗരേഖ GO(Ms)No.72/2017/LSGD/Dated 29.03.2017 പ്രകാരം ഹരിത മിഷന്റെ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് ഭക്ഷ്യ വിളകളുടെ വിള വിസ്തൃതിയും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ അനുയോജ്യമായ പ്രൊജക്ടുകൾ, ജൈവ കൃഷിയും ജൈവ വളങ്ങളുടേയും ജൈവ കീടനാശിനികളുടേയും ഉൽപാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുന്ന പ്രൊജക്ടുകൾ, ആധുനിക കൃഷി രീതികളും കാർഷിക ഉൽപ്പന്നങ്ങളും പരിചയപ്പെടുത്തുന്ന പ്രൊജക്ടുകൾ, ടെറസിലെ പച്ചക്കറി കൃഷികൾ, അത്യുൽപാദന ശേഷിയുള്ള വിത്തുകൾ, ഫലവൃക്ഷ തൈകളുടെ വിതരണം ചെയ്യുന്ന പ്രൊജക്ടുകൾ എന്നിവ ഏറ്റെടുക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്. എന്നാൽ പദ്ധതി വർഷത്തിൽ നടത്തിയ പ്രൊജക്ടുകളിലെല്ലാം കർഷകർക്ക് കൂലി ചെലവ് ഇനത്തിൽ സബ്സിഡി നൽകുക

മാത്രമാണ് ചെയ്തിട്ടുള്ളത്.

മേൽ വസ്തുതകൾകൂടി പരിഗണിച്ച് പ്രൊജക്ടുകൾ തയ്യാറാക്കേണ്ടതാണ്. മേൽ വിഷയം നിർവ്വഹണ ഉദ്യോഗസ്ഥയുടേയും, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണ സമിതി എന്നിവയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

[ഓഡിറ്റ് എൻക്വയറി 34/29.12.2022- മറുപടി ലഭ്യമാക്കിയിട്ടില്ല]

## 1-22 ലൈസൻസ് ഫീസ്-ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് നടപ്പിൽ വരുത്താത്തത് സംബന്ധിച്ച്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്, 31.10.2017 ൽ നിലവിൽ വന്ന ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് നിശ്ചയിച്ചിട്ടില്ല . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:6/21-22/24.12.22) വിഷയത്തിൽ ഭരണസമിതിയുടെ അനുമതിയോടെ തീരുമാനമെടുക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-23 മതിയായ പാർക്കിങ് സൗകര്യമില്ലാതെ കെട്ടിട നമ്പർ അനുവദിച്ചു

ഗ്രാമപഞ്ചായത്തിലെ ശ്രീ. അബ്ദുൽ കബീർ, ബഷീർ, മുഹമ്മദ് ഫൈസൽ, മുഹമ്മദ് ഇല്യാസ്, പൂവക്കുണ്ടിൽ ഹൗസ്. എന്നവർ കൊമേഴ്സ്യൽ ആവശ്യാർത്ഥമുള്ള കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിനായി നൽകിയ അപേക്ഷ പരിശോധിച്ചു. അപേക്ഷയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അപേക്ഷ നമ്പർ | A2-4040/2021 തിയ്യതി-17.8.2021 |
| വില്ലേജ് | ആലിപ്പറമ്പ് |
| സർവ്വെ നമ്പർ | 31/3B-21 |
| ആകെ തറ വിസ്തീർണം | 491.91 ച.മീ. |
| അനുവദിച്ച നമ്പർ | 13/251 A,B,C,D,,E,F.G.H,I,J,K |

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019, ചട്ടം 29 പ്രകാരം ഒരു തെരുവിലേക്ക് വാഹനങ്ങളുടെ പ്രവേശനത്തിന് ആവശ്യമായ സൗകര്യങ്ങളോടുകൂടിയാണ് പാർക്കിംഗ് സ്ഥലം വ്യവസ്ഥ ചെയ്യേണ്ടത്. കൂടാതെ ഓരോ പാർക്കിംഗിനുള്ള സ്ഥലവും ചട്ട പ്രകാരമുള്ള അളവിൽ (5.5*2.7 മീറ്റർ) പാർക്കിംഗ് സ്ഥലത്ത് മാർക്ക് ചെയ്യേണ്ടതും, ഇത്തരത്തിൽ മാർക്ക് ചെയ്യപ്പെട്ട സ്ഥലങ്ങൾ കൂടാതെ ഡ്രൈവിങ്ങിനുള്ള സ്ഥലവും, ഇടനാഴിയും, വാഹനങ്ങൾ തിരിക്കുവാനുള്ള സ്ഥലവും ചട്ടപ്രകാരം ഉണ്ടായിരിക്കേണ്ടതുമാണ്. പാർക്ക് ചെയ്ത ഒരു വാഹനം മാറ്റാതെ തന്നെ പാർക്കിംഗ് സ്ഥലത്ത് ഒരുക്കിയിട്ടുള്ള വാഹനങ്ങൾക്ക് ഡ്രൈവിങ്ങിനുള്ള സ്ഥലവും, ഇടനാഴിയും, വാഹനങ്ങൾ തിരിക്കുവാനുള്ള സൗകര്യവും ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. കൂടാതെ വാഹന ഇടനാഴിക്ക് 3 മീറ്റർ ഉണ്ടായിരിക്കേണ്ടതാണ്.എന്നാൽ അപേക്ഷയോടൊപ്പം സമർപ്പിച്ച പാർക്കിങ് പ്ലാൻ പ്രകാരം കിഴക്ക് ഭാഗത്ത് നൽകിയ പാർക്കിങ് സൗകര്യത്തിൽ 3 മീറ്റർ ഇടനാഴി ലഭ്യമല്ല. മേൽ അപേക്ഷയിൽ മേൽ വ്യവസ്ഥകൾ പാലിക്കാതെയാണ് കെട്ടിടത്തിന് നമ്പർ അനുവദിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:17/21-22/27.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടപ്രകാരമല്ലാതെ നമ്പർ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-24 മൊബൈൽ ടവറിന്റെ വസ്തുനികുതി നിർണയിച്ചതിൽ അപാകത.

പഞ്ചായത്തിൽ ഇൻഡസ് ടവേഴ്സ് മൊബൈൽ ടവറിന്റെ നമ്പറിങ്ങിനായി നൽകിയ അപേക്ഷയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അപേക്ഷ നമ്പർ | A2-38/2021 തിയ്യതി-4.1.2021 | |
| പെർമിറ്റ് നമ്പർ | A4-977/2020 തിയ്യതി-28-2-20 | |
| വില്ലേജ് | ആലിപ്പറമ്പ് | |
| സർവ്വെ നമ്പർ | 95/2 | |
| നികുതി നിർണയത്തിന് പരിഗണിച്ച വിസ്തീർണം | ഷെൽട്ടർ | ഡി ജി റൂം |
| | 12.66 ച.മീ. | 6 ച.മീ. |
| അനുവദിച്ച നമ്പർ | 6/354/D | |

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 26.2.2022ലെ ആർ.ഡി.3/94/2020/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം മൊബൈൽ ടവറുകളുടെ വസ്തുനികുതി കണക്കാക്കുന്നതിന് ടവറിന്റെ തറവിസ്തീർണം + ജനറേറ്റർ റൂ + മറ്റ് അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന കെട്ടിടം എന്നിവയുടെ വിസ്തീർണം ഉൾപ്പെടുത്തണമെന്ന് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. എന്നാൽ ഇൻഡസ് ടവേഴ്സ്

മൊബൈൽ ടവറിന്റെ നമ്പറിങ്ങിനായുള്ള അപേക്ഷ പ്രകാരം വസ്തുനികുതി നിർണയിച്ച് നമ്പർ അനുവദിച്ചതിൽ ടവറിന്റെ തറവിസ്തീർണം നികുതി നിർണയത്തിന് പരിഗണിച്ചിട്ടില്ല. ഇത് മൂലം വസ്തുനികുതിയിനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ടവറിന്റെ തറവിസ്തീർണം | അടിസ്ഥാന വസ്തുനികുതി നിരക്ക് | അടിസ്ഥാന വസ്തുനികുതി | അടിസ്ഥാന വസ്തുനികുതിയിൻമേലുള്ള ഇളവുകൾ | അടിസ്ഥാന വസ്തുനികുതിയിൻമേലുള്ള വർദ്ധന | ഗ്രന്ഥശാലാ വരി | വാർഷിക വസ്തുനികുതി |
|---|---|---|---|---|---|---|
| 10.83 | 500 | 5415 | ഇല്ല | 1083 | 325 | 6823 |

മുഴുവൻ വിസ്തീർണവും നികുതി നിർണയത്തിന് പരിഗണിക്കാത്തത് മൂലം 6823 /- രൂപ നികുതിയിനത്തിൽ കുറവ് വന്നിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:16/21-22/27.12.22) നികുതി പുനർനിർണയിച്ച് വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നികുതി പുനർനിർണയിച്ച് കുടിശ്ശിക ഉൾപ്പെടെ ഈടാക്കി രേഖാമൂലം വിവരം അറിയിക്കേണ്ടതാണ്.

## 1-25 മരാമത്ത് -കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം -സെക്ഷൻ 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ അത്തരം വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാന മാർഗ്ഗങ്ങൾ എന്നിവയിൽ ഏർപ്പെടുന്നവർ മേൽ ആക്ട്, ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരാണ്. തൊഴിൽ നികുതി ഡിമാന്റ് ചെയ്യൽ/ഈടാക്കൽ എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ/രജിസ്റ്ററുകൾ പരിശോധിച്ചതിൽ മേൽ ആക്ട്, ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ വ്യക്തികളും/സ്ഥാപനങ്ങളും നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നൽകേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ് [നിയമം 205ബി, ചട്ടം13 എന്നിവ കാണുക]. എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടികൾ പൂർണമായി സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല.

2021-22 ൽ പഞ്ചായത്ത് പരിധിയിൽ കോൺട്രാക്ട് പ്രവർത്തി നടത്തിയ താഴെപ്പറയുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയ വിവരം ലഭ്യമാക്കേണ്ടതാണ്

1.ഷൗക്കത്ത് .കെ
2.ബഷീർ.കെ
3.ജമീഷ്.കെ.ടി
4.മൊയ്തു കെ.ടി
5.മുഹമ്മദ് ജാനി
6.യൂസഫ് .പി.ടി
7.മുഹമ്മദ് ആബിദ്
8.അബ്ദുപ്പ
9.ഷൗക്കത്ത്.കെ
10.അയൂബ് .എം.പി
11.അബ്ദുൾ നാസ്സർ .സി.പി
12.സൈനുദ്ധീൻ.പി.ടി
13.ഷറഫുദ്ധീൻ .പി
13.ഷറഫുദ്ധീൻ .പി
14.അയ്യൂബ് .എം.പി
15.അബ്ബാസ് .കെ
16.മുഹമ്മദ് നൗഫൽ
17.മുഹമ്മദ് റഫീക്ക്
18.അബ്ദുൽ റഷീദ് പി.ടി
19.മുഹമ്മദാലി .പി.ടി
20.മൊയ്തീൻ .ടി.കെ

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:15/21-22/27.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-26 എഫ്.എച്ച്.സി. വിപുലീകരണത്തിന് വിഹിതം കൈമാറൽ-വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ : MO( FHC)

| | |
|---|---|
| പ്രൊജക്ട് | 344/2022, ആർദ്രം മൂന്നാം ഘട്ടം -എഫ്.എച്ച്.സി. വിപുലീകരണത്തിന് വിഹിതം കൈമാറൽ |

| | |
|---|---|
| ഫണ്ട്/അടങ്കൽ | നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് 1400000/- |
| ബിൽ റഫറൻസ് നമ്പർ | 2115035203550147298/ 17.2.2022 |
| ചെലവ് | Rs. 1400000/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) |

മേൽ പ്രൊജക്ട് പ്രകാരം എഫ്.എച്ച്.സി.യുടെ നവീകരണ പ്രവർത്തനങ്ങൾക്കായി 14 ലക്ഷം രൂപ District Health & Family Welfare Society Malappuram എന്ന അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം:10/21-22/26.12.22). വിനിയോഗ സാക്ഷ്യപത്രം ലഭ്യമാവുന്നത് വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-26-1 കിഡ്നി രോഗികൾക്ക് ചികിൽസാ ധനസഹായം-വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണം : മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.)

| | |
|---|---|
| പ്രൊജക്ട് | 211/2022, റീനൽ കെയർ പദ്ധതി |
| ഫണ്ട്/അടങ്കൽ | വികസന ഫണ്ട് (ജനറൽ) 260000 |
| ചെലവ് | Rs. 168000/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) |
| ബിൽ റഫറൻസ് നമ്പർ | 22150352035501328539/15.3.2022 |

1. മേൽ ബിൽ പ്രകാരം നിർവ്വഹണോദ്യോഗസ്ഥൻ മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ സർക്കുലർ നം:ഡി.എ1/321/2020/ത.സ്വ.ഭ.വ(ഡി.എ)/1.1.2021ൽ തുക ഡയാലിസിസ് നടത്തുന്ന ആശുപത്രിക്ക് കൈമാറാനാണ് നിർദേശിച്ചിട്ടുള്ളത്.

2. പ്രസ്തുത പ്രോജക്ടിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും (എൻക്വയറി നം: 11/21-22/26.12.22) വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാവുന്നത് വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-27 എഫ്.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ മുഴവൻ ലഭ്യമായിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ : MO (FHC)

| | |
|---|---|
| പ്രൊജക്ട് | 55/2022, പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ |
| ഫണ്ട്/അടങ്കൽ | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) 800000/- |
| ചെലവ് | Rs. 795919/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) |

മേൽ പ്രൊജക്ട് പ്രകാരം എഫ്.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് 795919/- രൂപ മുൻകൂറായി അടവാക്കിയിട്ടുണ്ട്.

| തുക നൽകിയതിന്റെ വിവരം | | | |
|---|---|---|---|
| ക്രമ നമ്പർ | പ്രൊഫോർമ ഇൻവോയ്സ് നമ്പർ/ തിയ്യതി | ബിൽ റഫറൻസ് നമ്പർ / തിയ്യതി | തുക |
| 1 | PRF3801/3.12.2021 | 21150352035500881449/ 4.1.2022 | 395612 |
| 2 | PRF5724/15.2.2022 | 21150352035501316014/ 14.3.2022 | 300483 |
| 3 | PRF4615/4.1.2022 | 21150352035500932912/ 12.1.2022 | 99824 |
| ആകെ | | | 795919 |

എന്നാൽ 671988 രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|
| ഇൻവോയ്സ് നമ്പർ/ തിയ്യതി | തുക |
| 14426/5.3.2022 | 257543 |
| 14427/5.3.2022 | 88129 |
| 14160/ 1.3.2022 | 15074 |

| | |
|---|---|
| 3718/5.6.2022 | 4056 |
| 8364/9.8.2022 | 22423 |
| 9912/1.9.2022 | 4180 |
| 763/21.4.2022 | 13264 |
| 11883/21.9.2022 | 16270 |
| 13227/7.10.2022 | 41109 |
| 13597/12.10.2022 | 47164 |
| 14848/25.10.2022 | 32682 |
| 14851/25.10.2022 | 34980 |
| 15916/4.11.2022 | 3537 |
| 14394/4.3.2022 | 47550 |
| 661/20.4.2022 | 44027 |
| ആകെ | 671988 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം: 9/21-22/26.12.22) മരുന്നുകൾ ലഭ്യമാവുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ശേഷിക്കുന്ന 123931 രൂപയുടെ മരുന്നുകൾ ലഭ്യമാവുന്ന മുറയ്ക്ക് വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-27-1 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ -സ്റ്റോക്ക് വിവരം ലഭ്യമാക്കണം

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (ഹോമിയോ)

| | |
|---|---|
| പ്രൊജക്റ്റ് | 36/2022, ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| ഫണ്ട്/അടങ്കൽ | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)<br>100000/- |
| ചെലവ് | Rs. 100000/- |
| ബിൽ റഫറൻസ് നമ്പർ / തിയ്യതി | 2115035203560081206/ 21.12.2021 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ/ തിയ്യതി | PF-893/ 6.11.2021 |

മേൽ പ്രൊജക്റ്റ് പ്രകാരം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് 100000/- രൂപ മുൻകൂറായി അടവാക്കിയിട്ടുണ്ട്. എന്നാൽ 63120 രൂപയുടെ മരുന്നുകൾ ലഭ്യമായതിന്റെ വിവരമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്.

| മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|
| Invoice No. LF293 /8.7.2022 | 63120/- |

ശേഷിക്കുന്ന 36880/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ അനുബന്ധരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം:6/21-22/24.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-28 പ്ലാസ്റ്റിക്ക് ബോട്ടിൽ കളക്ഷൻ ബൂത്ത്-ഷീറ്റ് വർക്കിന് അധിക നിരക്ക് നൽകി

നിർവ്വഹണോദ്യോഗസ്ഥൻ : അസി.എൻജിനിയർ

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം: പേര് | 291/22-പ്ലാസ്റ്റിക്ക് ബോട്ടിൽ കളക്ഷൻ ബൂത്ത് | അടങ്കൽ/ഫണ്ടിനം | 120000 (Cfc)<br>280000(central) |
| ചെലവ് | 400000/- | ബിൽ നം: /തീ: | 113/21-22/23.3.22-280000<br>114/21-22/22.3.22-120000 |
| കോൺട്രാക്ടർ | ഷറഫുദ്ധീൻ.പി<br>(0.1% Below ) | എഗ്രിമെന്റ് | 85/21-22/lsgd/ALP<br>/29.12.21 |
| എംബുക്ക് | 79/21-22 | COST INDEX | 36.44% |

മേൽ പ്രവർത്തിയിൽ ഐറ്റം നം(5) ആയി 0.50mm പ്രീകോട്ടഡ് ഗാൽവനൈസ്ഡ് പ്രൊഫൈൽ ഷീറ്റ് ( Code 21.50) @743.33/sqm നിരക്കിൽ 41.70 M2 ന് 30996.86 /-രൂപ (+GST ) അനുവദിച്ചിട്ടുണ്ട് . എന്നാൽ പ്രാദേശിക പരിശോധനയിൽ ഷീറ്റ് 0.27 Mm കനം മാത്രമാണ് ഉള്ളതെന്ന് കണ്ടെത്തി . ആയതിന് അനുവദനീയമായി നിരക്ക് 501.03/M2 (+ GST) ആണ് . ആയതിന് അധികം നൽകിയ തുക കോൺട്രാക്ടറിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഐറ്റം നം(5) ആയി 0.50mm പ്രീകോട്ടഡ് ഗാൽവനൈസ്ഡ് പ്രൊഫൈൽ ഷീറ്റ് ( Code 21.50) അനുവദിച്ചത് | 0.27mm പ്രീകോട്ടഡ് ഗാൽവനൈസ്ഡ് പ്രൊഫൈൽ ഷീറ്റ് (Od:1469639/22-23) അനുവദിക്കാവുന്നത് |
|---|---|
| 41.70 M2 @ 743.33m2 = 30996.86<br>(-) 0.1% TV =30.99<br>=30966.20<br>(+GST ) =3715.9<br>=34682/- | 41.70 M2 @ 501.03m2 =20892.95<br>(-)0.1% T.V =20.89<br>=20872.02<br>+GST =2504.65<br>=23376 |
| അധികം നൽകിയത് 34682-23376 =11306/- | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:8/21-22/26.12.22)അധികം നൽകിയ തുക അടവാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അധിക തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-29 മരാമത്ത് -ആദായ നികുതി കുറവായി ഈടാക്കി

നിർവ്വഹണോദ്യോഗസ്ഥൻ : അസി.എൻജിനിയർ

| | | | |
|---|---|---|---|
| പ്രൊജക്ട് നം:<br>പേര് | 325/22-എരവിമംഗലം യു.പി. സ്കൂൾ ഡ്രൈനേജ് | അടങ്കൽ/ഫണ്ടിനം | 150000(CFC) |
| ചെലവ് | 146910 | വൗച്ചർനം: /തീ: | 108/21-22 /20.3.22 |
| കോൺട്രാക്ട് | പെരിന്തൽമണ്ണ പട്ടിക ജാതി സർവ്വീസ് കോ.ഓപ്പ് സൊസൈറ്റി | എഗ്രിമെന്റ് | 120/AE /LSGD/ALP /23.3.22 |
| എംബുക്ക് | 59/21-22 | നിരക്ക് | 1% കുറവ് |

മേൽ പ്രകാരം ചെയ്ത പ്രവർത്തിയിൽ ആദായ നികുതി 2% ഈടാക്കേണ്ടിയിരുന്നത് 1% മാത്രമാണ് ഈടാക്കിയിട്ടുള്ളത് കുറവ് തുക സൊസൈറ്റിയൽ നിന്നും ഈടാക്കി അടവാക്കണം.

| | | | | |
|---|---|---|---|---|
| പ്രവർത്തിമൂല്യം | -132494.49 | – ആദായ നികുതി 1% | – 1469 | (1469 രൂപ കുറവ് ) |
| - 1% വ്യതിയാനം | -1324.49 | -KCWWF 1% | -1454 | |
| ആകെ | -131170.00 | CESS | -15 | |
| 12% GST | -15740.34 | ആകെ | -2938/- | |
| ആകെ | -146909.89 | കോൺട്രാക്ടർ | -143972/- | |

(സൊസൈറ്റികളുടെ ആദായ നികുതി 2% നിരക്കിലാണ് കുറവ് വരുത്തേണ്ടത് )
പെരിന്തൽമണ്ണ പട്ടിക ജാതി സർവ്വീസ് കോ.ഓപ്പ് സൊസൈറ്റി കോൺട്രാക്ട് ഏറ്റെടുത്തു നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടുകൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

1.295/22 പാറൽ പൊന്നുളി പെരുവക്കാട് ഡ്രൈനേജ് അടങ്കൽ - 200000
2.155/22 എരവി മംഗലം യു.പി കുറ്റിപുളി റോഡ് അടങ്കൽ -300000

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:4/21-22/23.12.22)തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 1-30 ടെണ്ടർ ഫീ വരവ് ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല.

ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ഇ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ബിഡ് സബ്മിഷൻ ഫീ (ജി.എസ്.ടി ഉൾപ്പെടെ ടെണ്ടർ ഷെഡ്യൂളിന്റെ വില) ഇനത്തിൽ കരാറുകാർ അടവാക്കുന്ന തുകകൾ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യുന്നത്. ഗ്രാമ പഞ്ചായത്തിന് ഈ ഇനത്തിൽ 2021-22 വരെ ലഭിക്കാനുള്ള തുകകൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. 2021-22 വരെ ഈ ഇനത്തിൽ ലഭ്യമാക്കാനുള്ള തുക വിവരം ലഭ്യമാക്കേണ്ടതാണ്. ആയത് ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്. 2021-22 ൽ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോം വില ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭിക്കാനുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ജി.ഒ.(എം.എസ്)3186/2017/LSGD തീയ്യതി.2.10.2017 പ്രകാരം എസ്.ബി.ഐ യിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത അക്കൗണ്ട് 29.09.2022 ൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐയിൽ ആരംഭിക്കുകയും (SBI പെരിന്തൽമണ്ണ, അക്കൗണ്ട് നം:39677105959 ) 2022-23 വർഷത്തെ ഇ-ടെണ്ടർ ഫീ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് വരികയും ചെയ്തിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് ഇ-ടെണ്ടർ ഫീ ഇനത്തിൽ പഞ്ചായത്തിന് നാളിതുവരെ ലഭിക്കാനുള്ള തുക ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:12/21-22 /26.12.22)തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 1-31 ടെൺണ്ടർ നടപടികൾ -സുതാര്യതയും മത്സര സ്വഭാവവും ഉറപ്പ് വരുത്തണം

നിർവ്വഹണോദ്യോഗസ്ഥൻ : അസി.എൻജിനിയർ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തികളിൽ എല്ലാ പ്രവൃത്തികളും കരാറുകാർ മുഖേനയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. ഭൂരിഭാഗം പ്രവൃത്തികളിലും രണ്ടാൾ വീതമാണ് ടെണ്ടറിൽ പങ്കെടുത്തിട്ടുള്ളത്. ജി.ഒ(എം.എസ്)5/2016/PWD/3-2-2016 പ്രകാരം ടെണ്ടർ ഫോറത്തിന്റെ എല്ലാ പേജിലും സീരിയൽ നമ്പർ രേഖപ്പെടുത്തണം. ആയത് രേഖപ്പെടുത്തിയിട്ടില്ല. മിക്ക ടെണ്ടറിലും സെലക്ഷൻ നോട്ടീസ് നൽകിയതായി കാണുന്നില്ല. ഒരു പ്രവൃത്തിയിൽ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ നൽകുമ്പോൾ അടുത്തതിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികം രേഖപ്പെടുത്തുകയോ വളരെ കുറഞ്ഞ ടെണ്ടർ കുറവ് രേഖപ്പെടുത്തുകയോ ചെയ്യുന്നു . കരാറുകളിൽ യാതൊരുവിധ മൽസരവും നടക്കുന്നില്ല എന്ന് വ്യക്തമാണ്. ഇത് ഗ്രാമ പഞ്ചായത്തിന്റെ ടെണ്ടർ നടപടികൾ സുതാര്യമല്ല എന്ന് വ്യക്തമാക്കുന്നു. 2021-22 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ ആകെ ടെണ്ടറുകൾ 70ആണ്. തൻവർഷം മിക്ക പ്രവൃത്തികൾക്കും രണ്ട് പേർ മാത്രമാണ് ടെണ്ടർ സമർപ്പിക്കുന്നത്. മത്സരസ്വഭാവമില്ലാത്ത ഇത്തരം ടെണ്ടർ നടപടി മൂലം പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാകുന്നു. ഇക്കാര്യത്തിൽ ഭരണസമിതിയുടെ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്. വികസന സ്ഥിരം സമിതിയുടെ സജീവ ഇടപെടൽ അനിവാര്യമായ മേഖലയാണിത് . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം: 14/21-22/27.12.22)തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ടെണ്ടർ പ്രൊസീജിയർ പാലിച്ച് നടപടികൾ സുതാര്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 മരാമത്ത് പ്രവൃത്തികൾ-അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ : അസി.എൻജിനിയർ

2021-22 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 162 പദ്ധതികൾ തയ്യാറാക്കിയതിൽ 134 പ്രൊജക്ടുകൾ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ നടപ്പിലാക്കിയത്. 27 പദ്ധതികൾ സ്പിൽ ഓവർ ആയി ഉൾപെടുത്തിയതിൽ 9 പദ്ധതി തൻവർഷവും പൂർത്തിയാക്കാനായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 162 | ആകെ അടങ്കൽ | 27839898 |
| നടപ്പിലാക്കിയത് | 134 | ചെലവ് | 23453564 |
| ശതമാനം | 83% | ചെലവ് ശതമാനം | 84% |

ഒരു അസിസ്റ്റന്റ് എഞ്ചിനിയർ, രണ്ട് ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ വളരെയധികം പ്രൊജക്ടുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്. 1 ലക്ഷത്തിലോ അതിൽ കുറവോ അടങ്കൽ ആയിട്ടുള്ള 60 പ്രൊജക്ടുകൾ ഉണ്ട്. ആയത് നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുന്നു. സമയബന്ധിതമായി പൂർത്തീകരിക്കുന്ന വിധത്തിൽ പദ്ധതി തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതുമാണ്.

I.റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല. കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

III. പ്രവൃത്തി പൂർത്തീകരിച്ച ശേഷം അവശിഷ്ടങ്ങൾ, ബാക്കി വരുന്ന സാമഗ്രികൾ, താത്കാലിക നിർമ്മിതികൾ എന്നിവ നീക്കം ചെയ്ത് സൈറ്റ് ക്ലീൻ ചെയ്ത ശേഷം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർക്ക് തിരിച്ചേൽപിക്കണമെന്ന് കേരള പൊതു മരാമത്ത് മാന്വൽ ഖ.2119 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് സൈറ്റ് കൈമാറിയതിന്റെ രേഖകൾ മിക്ക ഫയലുകളിലും ഉണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കി സൈറ്റ് തിരിച്ചേൽപിച്ചതിന്റെ രേഖകൾ ഒരു പ്രവൃത്തിയുടെയും ഫയലിൽ ഇല്ല. മരാമത്ത് പ്രവൃത്തി ഫയലുകളോടൊപ്പം കേരള പൊതു മരാമത്ത് മാന്വൽ നിർദ്ദേശിക്കും പ്രകാരമുള്ള മുഴുവൻ രേഖകളും ഉള്ളടക്കം ചെയ്യാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

III. ഓഡിറ്റ് വർഷത്തിൽ ഗ്രാമ പഞ്ചായത്ത് നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്ന് കളക്ഷൻ ചാർജ് ഈടാക്കാതെ മുഴുവൻ തുകയും ബന്ധപ്പെട്ട ബോർഡിൽ അടവാക്കിയിരിക്കുകയാണ്. ഭാവിയിൽ കളക്ഷൻ ചാർജ് കുറവ് ചെയ്ത് മാത്രം ക്ഷേമ നിധി വിഹിതം അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

IV.രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

1. എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല.

2. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ സ്വീകരിച്ച തീയ്യതി,സമയം, ടെണ്ടർ അംഗീകരിച്ച ഭരണ സമിതി തീരുമാനം, ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായ കരാറുകാരുടെ ഒപ്പ് എന്നിവ രേഖപ്പെടുത്തുന്നില്ല.
3.പ്രൊജക്ടുകളുടെ പൂർത്തീകരണ ശേഷം മോണിട്ടറിങ് റിപ്പോർട്ട് സൂക്ഷിക്കുന്നില്ല.
4. ടെൻണ്ടർ ഫോം, എം.ബുക്ക് എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
5 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം : 13/21-22/27.12.22 പ്രകാരം അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി.

## 1-33 കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ-ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ : അസി.എൻജിനിയർ

മെയ്ന്റനൻസ് ഫണ്ട് വിനിയോഗം 21-22

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ശതമാനം |
|---|---|---|---|---|---|---|
| റോഡ് (MG) | 0 | 9353000 | 9353000 | 8617265 | | 92% |
| റോഡിതരം (MG) | 0 | 3602332 | 3602332 | 3149208 | | 87% |

റോഡ് മെയ്ന്റനൻസ് ഫണ്ട്

(1)റോഡ് മെയിന്റനൻസ് ഫണ്ടിനത്തിൽ 9353000/- രൂപ വകയിരുത്തി 63 പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 57 പ്രോജക്ടുകൾക്കായി 8617265 (വകയിരുത്തിയ തുകയുടെ 92%) തൻവർഷം ചെലവഴിച്ചിട്ടുണ്ട്. എല്ലാ പ്രവൃത്തികളും നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. മുൻവർഷത്തെ അപേക്ഷിച്ച് ചെലവഴിച്ച തുകയിൽ പുരോഗതി ഉണ്ടായിട്ടുണ്ട്.എന്നാൽ ടാറിങ് പ്രവർത്തികൾക്ക് ഫണ്ട് വകയിരുത്തി കാണുന്നില്ല.

2. റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവഴിക്കുന്നതിൽ ലക്ഷ്യം കൈവരിച്ചിട്ടില്ല.

റോഡിതര മെയിന്റനൻസ് ഫണ്ടിനത്തിൽ 3602332 രൂപ വകയിരുത്തി 28പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 25 പ്രോജക്ടുകൾക്കായി 3149208 രൂപ (വകയിരുത്തിയ തുകയുടെ 87%) മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

3. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി വകയിരുത്തിയ തുകകൾ ചെലവഴിക്കുന്നതിൽ ലക്ഷ്യം കൈവരിച്ചിട്ടില്ല. ഫണ്ട് വകയിരുത്തി നടപ്പാക്കാത്ത പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം | പ്രവൃത്തി | അടങ്കൽ |
|---|---|---|---|
| 1 | 340/22 | വെറ്റിനറി ഓഫീസ് നവീകരണം | 250000 |
| 2 | 310/22 | അംഗനവാടികളുടെ ഇലക്ട്രിഫിക്കേഷൻ | 455668 |

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനായി ഐ.കെ.എം വികസിപ്പിച്ച സചിത്ര സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണെന്ന് സർക്കുലർ നം. തസ്വഭവ-ഐ.ബി-1/141/2017/തസ്വഭവ തിയതി 23-08-2017 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ ആസ്തി രജിസ്റ്റർ 2019-20 വരെ മാത്രമാണ് കാലികമാക്കിയിട്ടുള്ളത്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയിന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. കൈമാറിക്കിട്ടിയിട്ടുള്ള സ്ഥാപനങ്ങളുടെ ആവശ്യകത അനുസരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിനുശേഷം ആസ്തി സംരക്ഷണ പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.
3. റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി വകയിരുത്തുന്ന തുക സമയബന്ധിതമായി ചെലവഴിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്
4. മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം:19/21-22/27.12.22 പ്രകാരം അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി.

## 1-34 നോൺ-പി.എം.സി. ആയി അക്രഡിറ്റേഷൻ ഇല്ലാത്ത സ്ഥാപനം മുഖേന പ്രവൃത്തികൾ നേരിട്ട് നിർവ്വഹണം നടത്തി

1. പ്രൊജക്ട് - കുത്ത്പറമ്പ് വാർഡിൽ വിവിധ പ്രദേശങ്ങളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ

നം. - S0242/2022

BRN : 21150352004300164483/30-06-2021 : 3,20,000

2. പ്രൊജക്ട് - വിവിധ സ്ഥലങ്ങളിൽ ഇലക്ട്രിക് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ

നം. - S0244/2022

BRN : 211503520043001170792/21-02-2022 : 4,80,000

3. പ്രൊജക്ട് - കുത്ത്പറമ്പ് വാർഡിൽ വിവിധ പ്രദേശങ്ങളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ

നം. - S0238/2022

വൗച്ചർ നം. 22101064/31-03-2022 : 3,93,663

4. പ്രൊജക്ട് - SC കോളനികളിൽ സൗരോർജ്ജ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ

നം. - S0243/2022

BRN : 21150352004300164478/30-06-2021 : 8,55,000

സെക്രട്ടറി സ്പിൽ ഓവറായി നിർവ്വഹണം നടത്തിയ ക്രമ നം.1 പ്രൊജക്ട് പ്രകാരം വളാകളത്തിൽ SC കോളനി, പൊന്നംകുളം SC കോളനി എന്നീ സ്ഥലങ്ങളിലും, ക്രമ നം.2 പ്രൊജക്ട് പ്രകാരം മണലായ ഹോമിയോപ്പടി, എടായ്ക്കൽ തവളപ്പാറ, പാറൽ പെരുവക്കടവ് എന്നീ സ്ഥലങ്ങളിലും, ക്രമ നം.3 പ്രൊജക്ട് പ്രകാരം ഉത പള്ളിപ്പടി, ഉത അമ്പലംകുന്ന്, ഉത ഒലിയത്ത് എന്നീ സ്ഥലങ്ങളിലും, ക്രമ നം.4 പ്രൊജക്ട് പ്രകാരം 3 എസ്.സി. കോളനികളിൽ സൗരോർജ്ജ മിനിമാസ്റ്റുകളും Steel Industrials Kerala Ltd,Thuravoor (SILK) മുഖേന മിനിമാസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ജി.ഒ.(പി)നം.77/2019/fin/04-07-2019 പ്രകാരം PMCആയാണ് SILKന് അക്രഡിറ്റേഷൻ ഉള്ളത്. എന്നാൽ മേൽ പ്രവൃത്തി SILK നേരിട്ട് ചെയ്തിരിക്കുകയാണ്. കൂടാതെ, ക്രമനമ്പർ 4 ലെ സൗരോർജ്ജ പദ്ധതികളുടെ നിർവ്വഹണം നടത്തുന്നതിനുള്ള യാതൊരു ഏജൻസിയായും SILKനെ തെരഞ്ഞെടുത്തിട്ടില്ലാത്തതിനാൽ, നിർവ്വഹണ ചുമതല നൽകിയത് ക്രമപ്രകാരമല്ല. മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചതായി /പ്രവൃത്തി പൂർത്തീകരിച്ചതായി ANERTൽ നിന്നും സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. അതിന് മുമ്പ് തന്നെ തുക അനുവദിച്ച് നൽകിയിട്ടുണ്ട്. സൗരോർജ്ജ മിനിമാസ്റ്റ് ലൈറ്റുകളുടെ നിലവിലെ അവസ്ഥ റിപ്പോർട്ട് ചെയ്യേണ്ടതാണ്. സർക്കാർ നിർദ്ദേശം പാലിക്കാതെ പ്രവൃത്തികൾ നിർവ്വഹിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 20,48,663 രൂപ തടസ്സം ചെയ്യുന്നു.

## 1-35 സ്ട്രീറ്റ് ലൈറ്റുകളുടെ പരിപാലന പദ്ധതി - അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1. പ്രൊജക്ട് : സ്ട്രീറ്റ് ലൈറ്റുകളുടെ പരിപാലനം

നം : S0240/2022

അടങ്കൽ - 5,04,168 (വികസന ഫണ്ട്-ജനറൽ)

BRN: 21150352004300546227/22-10-2021 : 5,04,160

2. പ്രൊജക്ട് - തെരുവ് വിളക്കുകളുടെ പരിപാലനം

നം. - S0314/2022 അടങ്കൽ: 8,67,500

വൗച്ചർ നം. 22100905/02-03-2022 : 4,36,800

വൗച്ചർ നം. 22100906/02-03-2022 : 9100

വൗച്ചർ നം. 22100907/02-03-2022 : 9100

വൗച്ചർ നം. 22100824/31-01-2022 : 3,70,500

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതികളുടെ നിർവ്വഹണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിലെ ആകെ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, അവ സ്ഥാപിച്ച പോസ്റ്റുകളുടെ വിവരം എന്നിവ കാണിക്കുന്ന റജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ പുതുതായി സ്ഥാപിച്ച വിളക്കുകളുടെ സ്ഥാനം, വാറണ്ടി എന്നിവ സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധ്യമാകാതെ വരുന്നു.

2. തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട് പരാതി രജിസ്റ്റർ പരിപാലിക്കുന്നില്ല. അതുകൊണ്ട് തന്നെ സ്ഥാപിച്ച തെരുവ് വിളക്കുകൾ വാറന്റി കാലയളവിനുള്ളിൽ പ്രവർത്തനരഹിതമായിട്ടുണ്ടെങ്കിൽ ആയത് കരാറുകാരനെ കൊണ്ട് തന്നെ ശരിയാക്കുന്നതിന് കഴിയുന്നില്ല.

3. KSEB യിൽ സൂപ്പർവിഷൻ ചാർജ്ജ് അടച്ചിട്ടില്ല. KSEBയുടെ മേൽ നോട്ടമില്ലാതെയാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്.

4. കരാറുകാരായ ശ്രീ. ഷഫീഖ് റഹ്മാന് ക്രമ നമ്പർ 2 പ്രൊജക്ട് പ്രകാരം 3,70,500രൂപ നൽകിയിട്ടുണ്ട്. കരാറുകാരായ ശ്രീ. അബ്ദുൽ ലത്തീഫ്. കെ- ക്ക് ക്രമ നമ്പർ 1 പ്രൊജക്ട് പ്രകാരം 4,83,994 രൂപയും, ക്രമ നമ്പർ 2 പ്രൊജക്ട് പ്രകാരം 4,36,800 രൂപയും നൽകിയിട്ടുണ്ട്.

എന്നാൽ 2017- ലെ ചരക്ക് സേവന നികുതി നിയമം വകുപ്പ് 51 പ്രകാരം 2% GST TDS ചെയ്തിട്ടില്ല. കൂടാതെ, G.O (P) No.3/2013/SPD, Dated 21.06.2013 നമ്പർ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 8-17, ഖ.8-19 എന്നിവ പ്രകാരം 1,00,000രൂപയിൽ കൂടുതൽ ഉള്ള കരാർ തുകകൾക്ക് 5% പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കേണ്ടതാണ്. ആയത്

1. പ്രൊജക്ട് : സ്ട്രീറ്റ് ലൈറ്റുകളുടെ പരിപാലനം

നം : S0240/2022

അടങ്കൽ - 5,04,168 (വികസന ഫണ്ട്-ജനറൽ)

BRN: 21150352004300546227/22-10-2021 : 5,04,160

2. പ്രൊജക്ട് - തെരുവ് വിളക്കുകളുടെ പരിപാലനം

നം. - S0314/2022 അടങ്കൽ: 8,67,500

വൗച്ചർ നം. 22100905/02-03-2022 : 4,36,800

വൗച്ചർ നം. 22100906/02-03-2022 : 9100

വൗച്ചർ നം. 22100907/02-03-2022 : 9100

വൗച്ചർ നം. 22100824/31-01-2022 : 3,70,500

ഈടാക്കിയിട്ടില്ല.

5. ഉപയോഗശൂന്യമായ വിളക്കുകൾ കരാറുകാരൻ ഗ്രാമപഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിച്ചതിന്റെ വിവരം ഇല്ല. കേടുവന്ന തെരുവ് വിളക്കുകൾ തിരിച്ചേൽപിച്ച് Register Of Unserviceble Items എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതായിരുന്നു.

അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-36 ഫെസ്റ്റിവൽ അഡ്വാൻസ് - തുക തിരികെ അടവാക്കിയ വിവരം ലഭ്യമാക്കേണ്ടതാണ്-

രണ്ട് ഉദ്യോഗസ്ഥർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 15,000രൂപ വീതം നൽകുന്നതിനായി 22100420/16-08-2021-ാം നമ്പർ വൗച്ചർ പ്രകാരം 30,000 രൂപ പിൻവലിച്ചിട്ടുണ്ട്. ആയതിൽ താഴെപ്പറയുന്ന ഉദ്യോഗസ്ഥൻ തുക തിരിച്ചടവാക്കിയിട്ടില്ല.

| ക്രമ നം. | ഉദ്യോഗസ്ഥരുടെ പേര് | കൈപ്പറിയ തുക | തിരിച്ചടവാക്കിയ തുക | തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | ശ്രീ. ഷമീർ ഖാൻ. എം, അക്കൗണ്ടന്റ് | 15,000 | 9,000 | 6,000 |

തുക തിരികെ അടവാക്കിയ വിവരം ലഭ്യമാക്കേണ്ടതാണ്-

## 1-37 ഗ്രാമപഞ്ചായത്തിന് വാഹനം വാങ്ങൽ-അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്-

പ്രൊജക്ട് - ഗ്രാമപഞ്ചായത്തിന് വാഹനം വാങ്ങൽ

നം. - S0043/2022

വൗച്ചർ നം. 22100990/18-03-2022 : 8,47,837

വൗച്ചർ നം. 22100785/14-01-2022 : 98,600

വൗച്ചർ നം. 22100809/20-01-2022 : 1825

വൗച്ചർ നം. 22100718/15-12-2021 : 25,869

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിന് പുതിയ വാഹനം വാങ്ങിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്-

1. മഹീന്ദ്ര ആൻറ് മഹീന്ദ്ര കമ്പനിക്ക് നൽകിയ തുകയിൽ നിന്നും (Taxable Value – 6,55,428) 2017- ലെ ചരക്ക് സേവന നികുതി നിയമം വകുപ്പ് 51 പ്രകാരം 2% GST TDS ചെയ്തിട്ടില്ല.

2. ഇൻഷ്വറൻസ് നൽകുന്നതിനായി പിൻവലിച്ച 25,869 രൂപയുടെ രശീതി, ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് എന്നിവ പരിശോധനക്ക് ലഭ്യമായിട്ടില്ല.

3. ഗ്രാമപഞ്ചായത്തിന്റെ പഴയ വാഹനം KL-53-8562നം. ജീപ്പ് ലേലം ചെയ്ത് വിൽക്കുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി വിവരം

22/21-22/27-12-22-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-38 ചെലവ് രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 24,00,888 രൂപ തടസ്സം ചെയ്യുന്നു.

2021-22 വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

| ക്രമ നം. | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | BRN : 21150352004300366035/25-08-2021 | S0006/2022 : ഐ.കെ.എം.വിഹിതം നൽകൽ | 1,07,833 | വിനിയോഗ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| 2 | BRN : 21150352004300403267/13-09-2021 | S0021/2022 : PMAYപ്രൊജക്റ്റിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ | 3,00,000 | പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം |
| 3 | BRN : 21150352004300403261/13-09-2021 | S0023/2022 : PMAYപ്രൊജക്റ്റിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ (എസ്.സി.) | 2,10,000 | പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം |
| 4 | BRN : 21150352004300649013/15-11-2021 | S0245/2022 : സ്ട്രീറ്റ് ലൈൻ നീട്ടൽ ഒടമല | 56,016 | KSEB താഴേക്കോടിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം |
| 5 | BRN : 21150352004301162600/19-02-2022 | S0321/2022 : ബഡ്സ് റീഹാബിലിറ്റേഷൻ സെൻററിന് കെട്ടിടം നിർമ്മാണം- ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകൽ | 10,00,000 | പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം |
| 6 | BRN : 21150352004301162601/10-02-2022 | S0343/2022 : RGSA റിസോഴ്സ് സെൻററിന് വിഹിതം നൽകൽ | 2,65,000 | DDP, മലപ്പുറത്തിൽനിന്നുള്ള വിനിയോഗ സാക്ഷ്യപത്രം |
| 7 | 22100259/22-06-2021 | S0010/2022 : പഞ്ചായത്തോഫീസിലെ കമ്പ്യൂട്ടറുകൾക്ക് AMCഅടവാക്കൽ | 24,013 | കെൽട്രോണിൽ നിന്നുള്ള എഗ്രീമെൻറ്, ടാക്സ് ഇൻവോയ്സ് |
| 8 | 22100706/06-12-2021 | S0241/2022 : പഞ്ചായത്തോഫീസിലെ കമ്പ്യൂട്ടറുകൾക്ക് AMCഅടവാക്കൽ | 49,600 | നിസ്ഡൺ ഇൻഫോ വേ, പെരിന്തൽമണ്ണയുമായി വച്ച കരാർ |
| 9 | 22100600/28-10-2021 : 40036<br>22100601/28-10-2021 : 85598<br>22100602/28-10-2021 : 38859 | S0194/2022 : പഞ്ചായത്തോഫീസിലേക്ക് കമ്പ്യൂട്ടറും മറ്റ ഉപകരണങ്ങളും വാങ്ങൽ | 1,64,493 | കെൽട്രോണിൽ നിന്നുള്ള ടാക്സ് ഇൻ വോയ്സ്, ഉപകരണങ്ങൾ ലഭ്യമായതിന്റെ വിവരം |
| 10 | ലഭ്യമല്ല<br>ബന്ധപ്പെട്ട പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നും ലഭ്യമായ വിവരം-വൗച്ചർ ലഭ്യമാക്കിയിട്ടില്ല. | S0018/2022 : ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 2,11,433 | KSEB സെക്ഷൻ ഓഫീസുകളിൽ നിന്നും താഴെപ്പറയുന്ന തുക നൽകിയതിന്റെ വിനിയോഗ സാക്ഷ്യപത്രം<br>ചെർപ്പുളശ്ശേരി - 41,484<br>താഴേക്കോട് - 1,07,616<br>പെരിന്തൽമണ്ണ-17,735<br>44,598രൂപ നൽകിയതിന്റെ ഡിമാൻറ് നോട്ടീസ്, വിനിയോഗ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| 11 | 22100272/26-06-2021 | ശ്രീ. പ്രദീഷ്. ആർ, കൈരളി വാട്ടർ സപ്ലേക്ക് EMD തിരികെ നൽകിയത്. | 12,500 | ഒറിജിനൽ രശീതി ഹാജരാക്കാതെ EMD തിരികെ നൽകി |
| | | ആകെ | 2400888 | |

രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 24,00,888 രൂപ തടസ്സം ചെയ്യുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 2021-22 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 595000 | 29/22 സമഗ്ര നെൽ കൃഷി വികസനം | 595000 | 0 | |
| | 399000 | 11/22 -മുട്ടക്കോഴി വിതരണം | 399000 | 0 | |
| | 495000 | 7/22 കറവപ്പശു വിതരണം | 495000 | 0 | |
| | 90000 | 50/22-ആട്ട വിതരണം (Sc) | 90000 | 0 | |
| | 516000 | 121/22-ലൈഫ് (Sc) | 516000 | 0 | |
| | 190000 | 41/22-ലൈഫ് (ജന) | 190000 | | |
| | 300000 | 42/22 കറവപ്പശു വിതരണം | 300000 | 0 | |
| | 587500 | 22/22 -ഭിന്ന ശേഷി സ്കോളർഷിപ്പ് | 587500 | 0 | |
| | 20819 | കട്ടിൽ വിതരണം | 20819 | | |
| | 200000 | 313/22-പാലിന് സബ്സിഡി | 200000 | | 0 |
| | ആകെ | | 3393319 | | |
| ജില്ലാപഞ്ചായത്ത് | 200000 | 41/22-ലൈഫ് (ജനറൽ ) | 200000 | 0 | |
| | 447615 | 27/22-ഭിന്നശേഷി | 447615 | 0 | |

| | | | | |
|---|---|---|---|---|
| | | സ്കോളർഷിപ്പ് | | |
| | 595000 | 29/22-നെൽകൃഷി വികസനം | 595000 | 0 |
| | 200000 | 313/22-പാലിന് സബ്സീഡി | 200000 | 0 |
| | 2600000 | 246/22-സ്പോർട്സ് കോംപ്ലക്സ് സ്ഥലം | 2600000 | 0 |
| | | ആകെ | 4042615 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| K.S.E.B | 245/22 ഒടമല റോഡിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | BRN: 21150352004300649013/15.11.2021 | 56016 | 0 | KSEB താഴേക്കോടിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്-KURDFC | G.O.MS. 772/2017/LSGD | 3500001 | 11058177 | 3932001 | - | 10626177 |
| സഹകരണ ബാങ്ക് വായ്പ | - | 0 | 434323 | 0 | 0 | 434323 |

വായ്പ /ലോൺ രജിസ്റ്റർ കാലികമാക്കി സാക്ഷ്യപ്പെടുത്തിയത് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല .ആയതിനാൽ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 6000000 |
| ആകെ | 6000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6000000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| അക്കൗണ്ട് നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| ANA0020060000392 | ആനമങ്ങാട് സർവ്വീസ് Co Op ബാങ്ക്, ആനമങ്ങാട് | 7.10.2021 | 7.10.2022 | 6000000 | പുതിയത് |
| ആകെ | | | | 6000000 | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 2000-2001 | 4-3 | 2004-05 | തുക മുൻകൂർ ക്രമീകരിച്ചില്ല. | നടപടികൾ തുടരുന്നു |
| 2014-15 | 2(2) | 2016-17 | അർദ്ധ വാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല | നടപടികൾ തുടരുന്നു |
| 2014-15 | 2(3) | 2016-17 | തൊഴിൽ നികുതി ഈടാക്കിയില്ല | നടപടികൾ തുടരുന്നു |
| 2014-15 | 2(4) | 2016-17 | അർദ്ധ വർഷത്തിനിടയിൽ പിരിഞ്ഞ് പോയ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല | നടപടികൾ തുടരുന്നു |
| 2014-15 | 2(5) | 2016-17 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | നടപടികൾ തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | ചാർജ്ജ് സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ, തിയതി | തുക | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 2008-09 | 2-1 | സി പി സതീശൻ, സെക്രട്ടറി | LF11856/Sp.cell/SCD1/12 24-9-14 | 7680 | അടവാക്കിയിട്ടില്ല. |
| 2 | 2006-07 | 3-15 | കെ വേലായുധൻ, സെക്രട്ടറി | LF251/sp.cell/SCD1/13 10-10-14 | 15972 | അടവാക്കിയിട്ടില്ല. |
| 3 | 2006-07 | 3-9 Part 3-17 | പി വി പത്മനാഭൻ സെക്രട്ടറി | LF/10405/sp.cell/SCD1/12 26-9-14 | 186749 | അടവാക്കിയിട്ടില്ല. |
| 4 | 2008-09 | 3-1(എ) | സി പി സതീശൻ,സെക്രട്ടറി | LF11656/sp.cell/SCD1/12 24-10-14 | 63600 | അടവാക്കിയിട്ടില്ല. |
| 5 | 2000-01 | 43 | പി വിനോദ്കുമാർ, സെക്രട്ടറി | LF17404/sp.cell/SC 5/05 18-9-18 | 7904 | അടവാക്കിയിട്ടില്ല. |
| 6 | 2009-11 | 3-1 3-3 3-8 | വിക്രമൻ നമ്പൂതിരി സെക്രട്ടറി | LF16131/sp.cell/SC/D1/13 14-7-15 | 103025 | അടവാക്കിയിട്ടില്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 189928390 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 172214227 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 60,17,551 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |

| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | |
|---|---|---|---|
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 14,00,000 | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി |
| 1-26-1 | 1,68,000 | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി |
| 1-34 | 20,48,663 | സെക്രട്ടറി |
| 1-38 | 24,00,888 | സെക്രട്ടറി |
| ആകെ | 60,17,551 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-29 | 1469 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

-

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | KSA.MPM 24/1982/18 Dtd 04.10.2019 | 7 |
| 2002-03 | KSA.MPM 24/1982/18 Dtd 04.10.2019 | 6 |
| 2003-04 | KSA.MPM 24/1982/18 Dtd 04.10.2019 | 7 |
| 2004-05 | LFM-10/1381/07 Dtd 04.2.11 | 23 |
| 2005-06 | LFM-11/1516/11 Dtd 21.03.12 | 8 |
| 2006-07 | LFM-10/1517/11 Dtd 21.3.12 | 16 |
| 2007-08 | LFM-10/1518/11 Dtd 21.03.12 | 15 |
| 2008-09 | LFM-10/1590/11 Dtd 21.03.12 | 14 |
| 2009-11 | LFM-11/363/13 Dtd 26.03.13 | 30 |
| 2011-13 | LFM-11/385/15 Dtd 21.04.15 | 32 |
| 2013-15 | KSA.MPM24/1402/16 Dtd 23.06.17 | 28 |
| 2015-16 | KSA.MPM24/253/17 Dtd 14.02.18 | 20 |
| 2016-17 | KSA.MPM24/2180/17 Dtd 24.07.18 | 24 |
| 2017-18 | KSA.MPM24/2977/18 Dtd 07.08.19 | 26 |
| 2018-19 | KSA.MPM24/25/20 Dtd 07.08.19 | 21 |
| 2019-20 | KSA.MPM24/25/20 Dtd 07.08. | 2 |
| 2020-21 | KSA.MPM24/25/20 Dtd 07.08. | 26 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# 3

## വാർഷിക കണക്ക് സംക്ഷിപ്തം

(1)

| | | | |
|---|---|---|---|
| | Aliparamba Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 19126870.05 |
| Cash | Cash | RP-40(a) | 62357.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1227410.00 |
| 140000000 | Fees & User Charges | RP-4 | 816389.00 |
| 150000000 | Sale & Hire Charges | RP-5 | 202358.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 75620567.00 |
| 171000000 | Interest Earned | RP-9 | 265327.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 23792335.00 |
| 350000000 | Other Liabilities | RP-36 | 244173.00 |
| | Non Operating | | |
| 330000000 | Secured Loans | RP-32 | 1020000.00 |
| 340000000 | Deposits Received | RP-34 | 64700.00 |
| 350000000 | Other Liabilities | RP-36 | 423205.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 28657245.00 |
| 460000000 | Loans, Advances and Deposits | RP-47 | 27000.00 |
| | Grand total | | 151549936.05 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3245720.00 |
| 220000000 | Administrative Expenses | RP-12 | 1028528.00 |
| 230000000 | Operations & Maintenance | RP-13 | 1361757.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 9866475.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 40644417.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 6550787.00 |
| 253000000 | Decentralised Plan Programme- Projects not included in<br>Sector Division | RP-18 | 2648629.00 |
| 254000000 | Expenditures of Transferred institutions and State Sponsored<br>Schemes | RP-19 | 67091.00 |
| 255000000 | Maintenance Projects | RP-20 | 11908750.00 |

(2)

| | | | |
|---|---|---|---|
| | Aliparamba Grama Panchayat<br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6569527.00 |
| 140000000 | Fee & User Charges | I-4(b) | 1057325.00 |
| 150000000 | Sale & Hire Charges | I-5(b) | 202358.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 227736636.00 |
| 171000000 | Interest Earned | I-8 | 265327.00 |
| | Total Income | | 235831173.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11444792.00 |
| 220000000 | Administrative Expenses | I-11(b) | 1028528.00 |
| 230000000 | Operations & Maintenance | I-12(b) | 1381217.00 |
| 240000000 | Interest & Finance Charges | I-13 | 2006.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 10340865.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 69530671.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 10169913.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 2777494.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 106869291.00 |
| 255000000 | Maintenance Projects | I-14(e) | 11908750.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 1395623.00 |
| 272000000 | Depreciation | I-17(a) | 5658224.00 |
| | Total Expenditure | | 232507374.00 |
| | Gross Surplus / Deficit of income over Expenditure | | 3323799.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | 716408.00 |
| | Net difference (Prior period Income - Prior period Expenditure) | | 2607391.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

(3)

| | | | |
|---|---|---|---|
| | Aliparamba Grama Panchayat<br>BALANCE SHEET | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 5887116.05 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or<br>Agency Fund | B-2 | 6559.00 |
| 312000000 | Reserves | B-3 | 70199444.00 |
| | Total Reserve & Surplus | | 76093119.05 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 17706517.00 |
| | Total Grants, Contributions for Specific Purposes | | 17706517.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 11060500.00 |
| | Total Loans | | 11060500.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 558775.00 |
| 350000000 | Other Liabilities | B-9 | 2712010.00 |
| | Total Current Liabilities and Provisions | | 3270785.00 |
| | TOTAL LIABILITIES | | 108130921.05 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 79483246.00 |
| 411000000 | Accumulated Depreciation | B-11 | -33483149.00 |
| 412000000 | Capital Work in Progress | B-11(a) | 56016.00 |
| | Total Fixed Assets | | 46056113.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 6000000.00 |
| | Total Investments | | 6000000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 26742764.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 9698730.00 |

DEPUTY DIRECTOR